# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
## ബാർ ലൈസൻസുകൾ

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1115** — **30.10.2019-ൽ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. വി.ടി.ബൽറാം** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പമന്ത്രി** |
| **(എ)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര പുതിയ ബാർ ലൈസൻസുകൾ അനുവദിച്ചെന്ന് വെളിപ്പെടുത്താമോ ; | **(എ)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി 158 ബാർ ലൈസൻസ് അനുവദിച്ചു. |
| **(ബി)** പ്രസ്തുത ലൈസൻസുകൾ അനുവദിച്ചത് എവിടെയൊക്കെയാണെന്ന് വിശദമാക്കാമോ; | **(ബി)** തിരുവനന്തപുരം ജില്ലയിൽ-14, കൊല്ലം ജില്ലയിൽ-16, പത്തനംതിട്ട ജില്ലയിൽ-4, ആലപ്പുഴ ജില്ലയിൽ-10, കോട്ടയം ജില്ലയിൽ-10, ഇടുക്കി ജില്ലയിൽ-10, എറണാകുളം ജില്ലയിൽ -43, തൃശ്ശൂർ ജില്ലയിൽ-16, പാലക്കാട് ജില്ലയിൽ-11, മലപ്പുറം ജില്ലയിൽ -4, കോഴിക്കോട് ജില്ലയിൽ-7, വയനാട് ജില്ലയിൽ -1, കണ്ണൂർ ജില്ലയിൽ-8, കാസർഗോഡ് ജില്ലയിൽ-4. |
| **(സി)** പുതിയ ബാർ ലൈസൻസുകൾ മുഖേന സർക്കാരിനുണ്ടായ വരുമാന വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | **(സി)** പുതിയ ബാർ ലൈസൻസുകൾ മുഖേന സർക്കാരിനു 44,19,00,000/- രൂപ (നാല്പത്തിനാലുകോടി പത്തൊൻപതു ലക്ഷം രൂപ) വരുമാന വർദ്ധനവ് ഉണ്ടായിട്ടുള്ളതാണ്. |
| **(ഡി)** പുതിയ ബാർ ലൈസൻസുകൾ മുഖേന പ്രതിമാസം മദ്യവിൽപ്പനയിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വിശദമാക്കാമോ? | **(ഡി)** പുതിയ ബാർ ലൈസൻസുകൾ അനുവദിച്ചതിലൂടെ ബാറുകളിലെ പ്രതിമാസ ശരാശരി മദ്യവിൽപ്പനയിൽ നാമമാത്രമായ വർദ്ധനവുണ്ടായിട്ടുള്ളതാണ്. |

Santhosh

**സെക്ഷൻ ഓഫീസർ**